(ബി) വാർഡ് വിഭജനം സംബന്ധിച്ച് ഗവൺമെന്റിൽ കിട്ടിയിട്ടുള്ള റിവിഷൻ ഹർജികളിൻമേൽ നടപടി പൂർത്തിയാക്കി വരികയാണ്. ഇതിന് പുറമേ വില്ലേജുകളുടെയും പഞ്ചായത്തുകളുടെയും അതിർത്തി ഏകീകരിക്കാനുള്ള ഒരു നിർദ്ദേശവും ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഇതിൻമേൽ അവസാന തീരുമാനമായതിനുശേഷമേ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുവാൻ സാദ്ധ്യമാവുകയുള്ളു.

(സി) പഞ്ചായത്ത് തെരഞ്ഞെടുപ്പിനു വേണ്ടി 1981-ലെ കാനേഷ്മാരി കണക്കനുസരിച്ച് പഞ്ചായത്തുകളിലെ അംഗസംഖ്യ നിർണ്ണയിക്കുകയും അതനുസരിച്ച് പഞ്ചായത്തുകളിലെ വാർഡ് വിഭജനം നടത്തിയിട്ടുള്ളതുമാണ്. 1-1-1985-ൽ 18 വയസ് പൂർത്തിയായവരെ ഉൾപ്പെടുത്തികൊണ്ട് സമ്മതിദായ പട്ടിക ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് പരിശോധിച്ചശേഷം 15-4-1985-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ, 20-4-1985-ൽ പഞ്ചായത്തുകളിലെ പോളിംഗ് സ്റ്റേഷൻ നിശ്ചയിച്ചുകൊണ്ടുള്ള പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. കൂടാതെ 20-4-1985-ൽ പഞ്ചായത്തുകളിലെ പോളിംഗ് സ്റ്റേഷൻ നിശ്ചയിച്ചുകൊണ്ടുള്ള പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. 1-1-1986-ൽ 18 വയസ് തികഞ്ഞ വരെ കൂടി ഉൾപ്പെടുത്തികൊണ്ട് സപ്ലിമെന്ററി വോട്ടർ പട്ടികയും തയ്യാറാക്കിയിട്ടുണ്ട്.

തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിനായി വരണാധികാരികളും, ഉപവരണാധികാരികളും എന്നിവരെ തെരഞ്ഞെടുപ്പ് അധികാരികളും കൂടിയായ ജില്ലാ പഞ്ചായത്ത് ആഫീസർ നിയമിച്ച് കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുപ്പിനു ആവശ്യമായ ഫാറങ്ങളും മറ്റും അച്ചടിച്ച് ജില്ലാ പഞ്ചായത്ത് ആഫീസർമാർക്ക് കൊടുത്തു വരുന്നു.

കേരള പഞ്ചായത്ത് ആക്ടിന്റെ 10 (3) വകുപ്പനുസരിച്ച് ഗവൺമെന്റിൽ നിക്ഷിപ്തമായ അധികാരങ്ങളും നിർവഹിക്കുന്നതിനു പഞ്ചായത്ത് തെരഞ്ഞെടുപ്പ് സ്പെഷ്യൽ ആഫീസറെ ഗവൺമെന്റ് ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, 187 പഞ്ചായത്തുകളെ സംബന്ധിച്ചുള്ള 321 റിവിഷൻ ഹർജികളിൽ 173 പഞ്ചായത്തുകളെ സംബന്ധിച്ച 276 പരാതികളിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 14 പഞ്ചായത്തുകളെ സംബന്ധിക്കുന്ന 45 റിവിഷൻ ഹർജികളിൽ നടപടി പൂർത്തിയാക്കിവരുന്നു.

(ഡി) മുകളിൽ (ബി) യിലും, (സി) യിലും സൂചിപ്പിച്ച നടപടിക്രമങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

(ഇ, എഫ്) ഇല്ല.

മിൽമ ഏറ്റെടുത്ത പദ്ധതികളും

* 6 [6] ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലിൽ :
ശ്രീ. കെ. കൃഷ്ണൻ കുട്ടി :
,, എ. വി. താമരാക്ഷൻ :
,, വി. സി. കബീർ :
,, ആർ. എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "മിൽമ" ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്ത് നടത്തുന്നത് ;

(ബി) പുതുതായി ഏതെങ്കിലും യൂണിറ്റ് ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) "മിൽമ" എന്നറിയപ്പെടുന്ന കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുന്നു.

1. തിരുവനന്തപുരം ഡയറി
2. കൊല്ലം ഡയറി
3. ആലപ്പുഴ ഡയറി
4. കോട്ടയം ഡയറി
5. എറണാകുളം ഡയറി
6. പാലക്കാട് ഡയറി
7. കണ്ണൂർ ഡയറി
8. തുറവൂർ കന്നുകാലിത്തീറ്റ ഫാക്ടറി
9. മലമ്പുഴ കന്നുകാലിത്തീറ്റ ഫാക്ടറി

(ബി) ഉണ്ട്.

(സി) പുതിയ ഡയറികൾ

1. എറണാകുളം 2. ആലപ്പുഴ 3. തൃശ്ശൂർ 4. തിരുവനന്തപുരം

പാൽ ശീതീകരണശാലകൾ

1. മാന്നാർ 2. കട്ടപ്പന 3. മൂവാറ്റുപുഴ 4. പത്തനംതിട്ട

5. ചാലക്കുടി. കൂടാതെ ഓപ്പറേഷൻ ഫ്ളഡ്-2 പദ്ധതിക്കു സമാനമായ ഒരു പദ്ധതി 6 വടക്കൻ ജില്ലകൾ ചേർന്നു (പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്) നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

മത്സ്യകൃഷിക്കുള്ള കേന്ദ്ര സഹായം

* 7 [7] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ മത്സ്യകൃഷിക്കും വികസനത്തിനുംവേണ്ടി കേന്ദ്രസർക്കാർ സഹായം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഉണ്ട്.

(ബി) 50 ലക്ഷം രൂപ.

പെൺവാണിഭം സംബന്ധിച്ച റിപ്പോർട്ടുകൾ

* 8 [8] ശ്രീമതി പി. ദേവൂട്ടി :
,, കെ. ആർ. ഗൗരി :
ശ്രീ. ഇ. പത്മനാഭൻ :
,, ടി. കെ. അറുമുഖൻ :
,, വി. എസ്. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ നൽകാമെന്ന പേരിൽ കേരളത്തിലെ യുവതികളെ വിദേശത്തുകൊണ്ടുപോയി (പെൺ) വാണിഭം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly